## ഭരണഭാഷ-മാതൃഭാഷ

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എഡി.ബി2/15277/എച്ച്.എസ്.ഇ/16 തീയതി : 09/10/2017

## സർക്കുലർ

വിഷയം : ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം - ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകരുടെ തസ്തികമാറ്റ നിയമനം - സർട്ടിഫിക്കറ്റ് പരിശോധന - സംബന്ധിച്ച്.

സൂചന : ഈ ഓഫിസിൽ നിന്നും 09/10/2017 തീയതി പ്രകാരം പുനഃക്രമീകരിച്ച് പ്രസിദ്ധീകരിച്ച താല്ക്കാലിക സീനിയോറിറ്റി ലിസ്റ്റ്

## സർക്കുലർ

സൂചനപ്രകാരം പരാതികൾ പരിഹരിച്ച് മാറ്റം വരുത്തി പ്രസിദ്ധീകരിച്ച താല്ക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കൊമേഴ്സ്, ജ്യോഗ്രഫി, സ്റ്റാറ്റിസ്റ്റിക്സ്, സൈക്കോളജി വിഷയങ്ങളിലെ അദ്ധ്യാപകരുടെ സർട്ടിഫിക്കറ്റ് പരിശോധന 2017 ഒക്ടോബർ 12-ാം തീയതിയിൽ രാവിലെ 10.30 മുതൽ തിരുവനന്തപുരം ശാന്തിനഗർ ഹൗസിംഗ് ബോർഡ് ബിൽഡിംഗിൽ പ്രവർത്തിക്കുന്ന ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ വച്ച് നടത്തുന്നതാണ്. സൂചനലിസ്റ്റിൽ ഉൾപ്പെട്ടവർ അനുബന്ധരേഖകൾ (പി.ജി, ബി.എഡ്, സെറ്റ് എന്നിവയുടെ അസ്സൽ സർട്ടിഫിക്കറ്റുകളും, ഒറിജിനൽ മാർക്ക്, ലിസ്റ്റ് ഇകിലൻസി സർട്ടിഫിക്കറ്റ്, സർവീസ് സർട്ടിഫിക്കറ്റ്, ഓൺലൈൻ മുഖേന സമർപ്പിച്ച അപേക്ഷയുടെ പകർപ്പുകൾ) സഹിതം എത്തിച്ചേരണമെന്നറിയിക്കുന്നു.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഡയറക്ടർക്കുവേണ്ടി

N:B: എല്ലാ രേഖകളുടെയും ഒരു സെറ്റ് പകർപ്പുകൂടി ലഭ്യമാക്കേണ്ടതാണ്.
മറ്റ് വിഷയങ്ങളുടെ സർട്ടിഫിക്കറ്റ് പരിശോധനാതീയതി പിന്നീട് അറിയിക്കുന്നതാണ്

സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് വരുന്നവർ താഴെ പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

**ഒറിജിനൽ സർട്ടിഫിക്കറ്റുകൾ**

1. നിലവിൽ ജോലി ചെയ്യുന്ന തസ്തികയിലെ (എച്ച്.എസ്.എ/എൽ.പി.എസ്.എ/യു.പി.എസ്.എ) അഡ്വൈസ്/അപ്പോയിന്റ്മെന്റ് ഓർഡർ (എൽ.പി/യു.പിയിൽ നിന്ന് പ്രെമോഷൻ മുഖേന എച്ച്.എസ്.എ തസ്തികയിൽ നിയമിച്ച പ്രൊമോഷൻ ഓർഡർ)
2. പി.ജി, ബി.എഡ്, സെറ്റ് സർട്ടിഫിക്കറ്റുകൾ
3. കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ നിന്നും ബിരുദം നേടിയവർ ഇക്വലൻസി സർട്ടിഫിക്കറ്റ് ഹാജരാക്കണം
4. പി.ജി.മാർക്ക് ലിസ്റ്റ്
5. നിലവിൽ ജോലി ചെയ്യുന്ന തസ്തികയിലെ പ്രൊബേഷൻ ഉത്തരവ്
6. ഐ.ഡി.റ്റി ഉത്തരവ്
7. സർവ്വീസ് സർട്ടിഫിക്കറ്റ്
8. ഐ.ഡി.റ്റി ആണെങ്കിൽ ഇപ്പോൾ ജോലി ചെയ്യുന്ന ജില്ലയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുള്ള ഉത്തരവ്

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഡയറക്ടർക്കുവേണ്ടി

N:B: സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാകുന്നവർക്ക് TA/DA നൽകുന്നതല്ല.